"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ കണ്ണൂർ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.**72/2024/LSGD** തീയതി,തിരുവനന്തപുരം, **22-06-2024**

പരാമർശം:- 1. **24.01.2023** തീയതിയിലെ സ.ഉ. (കൈ.)നം.**20/2023**/എൽ.എസ്.ജി.ഡി. ഉത്തരവ്

2. **07.09.2023** തീയതിയിലെ സ.ഉ.(കൈ.) നം.**162/2023**/എൽ.എസ്.ജി.ഡി. ഉത്തരവ്

3. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ **29.04.2023** ലെ കൗൺസിൽ തീരുമാനം നം.**37.**

4. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ **01.01.2024** ലെ **1/1-**ാം നമ്പർ തീരുമാനം

5. കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ **11.03.2024** തീയതിയിലെ ഇ**4/21539/01** നമ്പർ കത്ത്.

6. **29.04.2024** -ലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ എൽ.എസ്.ജി.ഡി./പിഡി/**21185/2023**-ടിസിപിബി**3** നമ്പർ കത്ത്.

ഉത്തരവ്

അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ ജി.ഐ.എസ് അധിഷ്ഠിത കണ്ണൂർ മാസ്റ്റർപ്ലാനിന് **2016**-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകപ്പ് **36(1)** പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിക്കൊണ്ട് പരാമർശം **(1)** ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരട് മാസ്റ്റർപ്ലാൻ

പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. കരട് മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി **31.05.2023** തീയതിവരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് പരാമർശം **(2)** ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(2) കണ്ണൂർ കോർപ്പറേഷൻ പരാമർശം **(3)** പ്രകാരം രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി ടി ആക്ഷേപ നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുകയും ഫാറം-**1**ൽ അഭിപ്രായം രേഖപ്പെടുത്തി കോർപ്പറേഷൻ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ പരാമർശം **(4)** തീരുമാനപ്രകാരം ചേർന്ന യോഗത്തിൽ സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ കൗൺസിൽ അംഗീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത മാസ്റ്റർപ്ലാൻ കൗൺസിൽ അംഗീകരിക്കുകയും അന്തിമ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും തുടർന്ന് **2016**-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകപ്പ് **36 (7)** പ്രകാരവും **2021**-ലെ കേരള നഗര-ഗ്രാമാസുത്രണ മാസ്റ്റർ പ്ലാനിന്റെ (രൂപികരിക്കലും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം **21** പ്രകാരവും കരട് മാസ്റ്റർപ്ലാൻ, കോർപ്പറേഷൻ സെക്രട്ടറി പരാമർശം **(5)** പ്രകാരം ഉചിതമാർഗ്ഗേണ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(3) അമൃത് പദ്ധതിയുടെ കീഴിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ തയ്യാറാക്കിയ കണ്ണൂർ മാസ്റ്റർപ്ലാനിന്, ആയതു അംഗീകരിക്കുവാനുള്ള കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ശിപാർശ പരിഗണിച്ച് കൊണ്ട്, **2016**-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകപ്പ് **36(8)**, **2021**-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം **22** എന്നിവ പ്രകാരം എന്നിവ പ്രകാരം സർക്കാർ അനുമതി നൽകുന്നതിന് പരാമർശം **(6)** പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(4) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് **36(6)** പ്രകാരം സ്പെഷ്യൽ കമ്മിറ്റി ആക്ഷേപാഭിപ്രായങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട സമയപരിധിയും കൂടാതെ ആക്ടിന്റെ **36(7)** പ്രകാരം നഗരസഭ കരട് മാസ്റ്റർപ്ലാൻ സർക്കാരിന്റെ അന്തിമ അനുമതിക്കായി സമപ്പിക്കേണ്ട സമയപരിധിയും അധികരിച്ചിട്ടുള്ളതാണ്. കണ്ണൂർ നഗരത്തിന്റെ ആസൂത്രിത വികസനത്തിന്റെ ആവശ്യകത പരിഗണിച്ച്, ഇപ്രകാരം അധികരിച്ച സമയപരിധികൾ **2016**-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ **36(11)**, **38** എന്നീ

വകുപ്പുകൾ പ്രകാരം സാധൂകരിക്കുന്നതിനും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6), 36(7) എന്നിവ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, നഗരത്തിന്റെ ആസൂത്രിത വികസനത്തിന്റെ അനിവാര്യത പരിഗണിച്ച്, ഇപ്രകാരം അധികരിച്ച സമയപരിധി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(11), വകുപ്പ് 38 എന്നിവ പ്രകാരം സാധൂകരിച്ചു നൽകിയും പ്രസിദ്ധീകൃത കണ്ണൂർ മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ല നഗരാസൂത്രകൻ, കണ്ണൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കണ്ണൂർ നഗരസഭ
5. എക്സിക്യുട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. വിവര പൊതുജന സമ്പർക്ക (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 25-06-2024 16:06:52